.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതികളിലെ പൊതുപ്രവൃത്തികൾക്ക് 5% ഗുണഭോക്തൃ വിഹിതം ഒഴിവാക്കി 100% സബ്സിഡി അനുവദിച്ച് - പുതുക്കിയ – ഉത്തരവ് പുറപ്പെടുവിക്കുന്നു

**കൃഷി (ഐ.എഫ്.എ) വകുപ്പ്**

സ.ഉ.(കൈ) നം.71/2021/കൃഷി തീയതി, തിരുവനന്തപുരം, 31/08/2021

പരാമർശം:-

1. സ.ഉ.(കൈ) നം.86/2010/കൃഷി തീയതി 31.03.2010.
2. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടറുടെ 17.07.2020-ലെ പി.ജി(4)10392/17 നമ്പർ കത്ത്.
3. നബാർഡ് അസിസ്റ്റന്റ് ജനറൽ മാനേജരുടെ 11.11.2020 തീയതിയിലെ NB.Kerala RO/RIDF-SPD/1538/RIDF-42/2020-21 നം. കത്ത്.

**ഉത്തരവ്**

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ കൂടുതലും അടങ്കൽ തുക ഒരു കോടി രൂപ മുതൽ രണ്ടു കോടി രൂപ വരെ ഉള്ളതാണ്. മറ്റ് പല വകുപ്പുകളിലെയും ആർ.ഐ.ഡി.എഫ് പദ്ധതികൾ ടെണ്ടർ മുഖാന്തരം നടത്തുമ്പോൾ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് കൃഷി സ്ഥലങ്ങളിലെ തണ്ണീർത്തട പ്രവൃത്തികൾ ഗുണഭോക്താവ്/ഗുണഭോക്തൃ കമ്മിറ്റി മുഖാന്തരമാണ് നിർവ്വഹണം നടത്തിവരുന്നത്. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുൻകാലങ്ങളിൽ നിർവ്വഹിച്ചിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ നീർമറി പദ്ധതി, റിവർ വാലി പ്രോജക്ട് എന്നീ പദ്ധതികളുടെ മാതൃകയിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ആർ.ഐ.ഡി.എഫ് പദ്ധതികളിലും പരാമർശം (1) പ്രകാരം 5% ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിയിരുന്നു. എന്നാൽ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ് പദ്ധതികളിലെ പൊതു പ്രവൃത്തികൾ സർക്കാർ നിർദ്ദേശപ്രകാരം ടെണ്ടർ ചെയ്തപ്പോൾ 95% നിരക്കിൽ പ്രവൃത്തികൾ നിർവ്വഹിക്കുവാൻ കോൺട്രാക്ടർമാർ തയ്യാറാകാത്തതിനാൽ നിർവ്വഹണത്തിലിരിക്കുന്ന ആർ.ഐ.ഡി.എഫ് പദ്ധതികൾ മുടങ്ങിയിരിക്കുകയാണെന്നും, അതിനാൽ ആർ.ഐ.ഡി.എഫ് പദ്ധതികളുടെ വിജയകരമായ നിർവ്വഹണത്തിനായി 5% ഗുണഭോക്തൃ വിഹിതം ഒഴിവാക്കണമെന്നും പരാമർശം (2) പ്രകാരം മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലെ ഉത്തരവുകൾക്കനുസൃതമായി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന ആർ.ഐ.ഡി.എഫ് പ്രവൃത്തികളുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ ഉള്ളതായി ബോധ്യപ്പെട്ടു -

1. നബാർഡ് ഫണ്ട് വിനിയോഗിച്ച് ആർ.ഐ.ഡി.എഫ് പദ്ധതികൾ നിർവ്വഹിക്കുന്ന മറ്റ് ഏജൻസികളായ കൃഷി എഞ്ചിനീയറിംഗ് വിഭാഗം, കെ.എൽ.ഡി.സി, ജലസേചന വകുപ്പ് മുതലായ നിർവ്വഹണ ഏജൻസികൾ 100% സബ്സിഡിയിലാണ് പദ്ധതികൾ നിർവ്വഹിച്ചുവരുന്നത്.
2. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഗുണഭോക്തൃ വിഹിതം ഒഴിവാക്കരുതെന്ന നിബന്ധന നിമിത്തം ഒരു പ്രദേശത്ത് വിവിധ ഏജൻസികൾ

നടപ്പിലാക്കുന്ന സമാന സ്വഭാവമുള്ള വികസന പ്രവർത്തനങ്ങൾക്ക് വ്യത്യസ്ത പരിഗണന നൽകുന്ന സ്ഥിതിവിശേഷം നിലവിലുണ്ട്.

3. ആർ.ഐ.ഡി.എഫ് പദ്ധതികളുടെ ഫണ്ടിംഗ് ഏജൻസിയായ നബാർഡ് പദ്ധതി നിർവ്വഹണത്തിന് അംഗീകാരം നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങളിൽ ഗുണഭോക്തൃ വിഹിതം നിഷ്കർഷിക്കുന്നില്ല .

4. ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുവാൻ സാഹചര്യമുള്ള ഒരു പദ്ധതിയും (Cash Transfer/Direct Benefit Transfer) ആർ.ഐ.ഡി.എഫ്-ൽ പരിഗണിക്കുകയില്ലെന്ന പരാമർശം (3) പ്രകാരമുള്ള നബാർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ആർ.ഐ.ഡി.എഫ് ട്രാഞ്ച് XXVI-ൽ സമർപ്പിച്ച 36 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭ്യമായിരുന്നില്ല.

3 ) മേൽ സാഹചര്യത്തിൽ, കാർഷികമേഖലയുടെ ഉന്നമനത്തിനായി നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതി വിഹിതം ഫലപ്രദമായി വിനിയോഗിച്ച് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ, ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെട്ട പൊതു പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ പരാമർശം (1) പ്രകാരം മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് നിഷ്കർഷിച്ചുവരുന്ന 5% ഗുണഭോക്തൃ വിഹിതം ഒഴിവാക്കി പൊതുപ്രവൃത്തികൾക്ക് 100% സബ്സിഡി അനുവദിച്ച് ഉത്തരവാകുന്നു.

4) പരമാർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി എ ലത ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, തിരുവനന്തപുരം.
ചീഫ് ജനറൽ മാനേജർ, നബാർഡ് റീജീയണൽ ഓഫീസ്, കേരളം, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ (CRD), ഗ്രാമവികസന വകുപ്പ്, സ്വരാജ് ഭവൻ, നാലാം നില, നന്തൻകോട്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/ (എ&ഇ) കേരളം, തിരുവനന്തപുരം.
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്.
സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
ധനകാര്യ (എൻ.സി-എ) വകുപ്പ് (25/02/2021ലെ 1006317എൻ.സി-എ 3/40/2018/ധന നമ്പർ പ്രകാരം).
പൊതുഭരണ (എസ്.സി) വകുപ്പ് (28.07.2021-ലെ മന്ത്രിസഭായോഗം ഇനം നം.152 പ്രകാരം).
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ്:-

ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്.
കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്.

ഉത്തരവിൻ പ്രകാരം
Signed by Manesh C M
Date: 31-08-2021 21:11:05
Reason: Approved
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-07-2021

ഫയൽ നം. അഗ്രി-ഐ.എഫ്.എ2/11/2019-അഗ്രി. ഇനം നം: 152

വിഷയം : കൃഷി വകുപ്പ് - മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതികളിലെ 5% ഗുണഭോക്തൃ വിഹിതം ഒഴിവാക്കി 100% സബ്സിഡി അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.

29/7
AS II/

29/7/2021

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | അഗ്രി-ഐ.എഫ്.എ 2/11/2019-അഗ്രി. |
| 2 | വകുപ്പ് | കൃഷി (ഐ.എഫ്.എ) വകുപ്പ്. |
| 3 | വിഷയം | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതികളിലെ 5% ഗുണഭോക്തൃ വിഹിതം ഒഴിവാക്കി 100% സബ്സിഡി അനുവദിക്കുന്നത് -സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 23.06.2021 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല<br>ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ബോബി ആന്റണി. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. ഇഷിത റോയ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 13.07.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26.07.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.പി.പ്രസാദ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 26.07.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 27.07.2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 28.07.2021 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | സ.ഉ(കൈ)നം.71/2021/കൃഷി തീയതി 31.08.2021 |

152

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | അഗ്രി-ഐ.എഫ്.എ 2/11/2019-അഗ്രി. |
| 2 | വകുപ്പ് | കൃഷി (ഐ.എഫ്.എ) വകുപ്പ്. |
| 3 | വിഷയം | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതികളിലെ 5% ഗുണഭോക്തൃ വിഹിതം ഒഴിവാക്കി 100% സബ്സിഡി അനുവദിക്കുന്നത് -സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 23.06.2021 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല<br>ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ബോബി ആന്റണി. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. ഇഷിത റോയ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 13.07.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26.07.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.പി.പ്രസാദ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 26.07.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 27.07.2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ആർ.ഐ.ഡി.എഫ് പദ്ധതിയിൽ പൊതു പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് നിഷ്കർഷിച്ചിരുന്ന 5% ഗുണഭോക്തൃ വിഹിതം ഒഴിവാക്കി പൊതു പ്രവൃത്തികൾക്ക് 100% സബ്സിഡി അനുവദിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ കൂടുതലും അടങ്കൽ തുക ഒരു കോടി രൂപ മുതൽ രണ്ടു കോടി രൂപ വരെ ഉള്ളതാണ്. മറ്റ് പല വകുപ്പുകളിലെയും ആർ.ഐ.ഡി.എഫ് പദ്ധതികൾ ടെണ്ടർ മുഖാന്തരം നടത്തുമ്പോൾ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് കൃഷി സ്ഥലങ്ങളിലെ തണ്ണീർത്തട പ്രവൃത്തികൾ ഗുണഭോക്താവ്/ഗുണഭോക്തൃ കമ്മിറ്റി മുഖാന്തിരമാണ് നിർവ്വഹണം നടത്തിവരുന്നത്. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുൻകാലങ്ങളിൽ നിർവ്വഹിച്ചിരുന്ന കേന്ദ്രാവിഷ്കൃത, പദ്ധതികളായ ദേശീയ നീർമറി പദ്ധതി, റിവർ വാലി പ്രോജക്റ്റ് എന്നീ പദ്ധതികളുടെ മാതൃകയിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായാണ് ആർ.ഐ.ഡി എഫ് പദ്ധതികളിലും ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ, വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ് പദ്ധതികളിലെ പൊതു പ്രവൃത്തികൾ ടെണ്ടർ ചെയ്യുവാനുള്ള നടപടി സ്വീകരിക്കുവാനുള്ള സർക്കാർ നിർദ്ദേശപ്രകാരം പദ്ധതികൾ ടെണ്ടർ ചെയ്തപ്പോൾ 95% നിരക്കിൽ പ്രവൃത്തികൾ നിർവ്വഹിക്കുവാൻ കോൺട്രാക്ടർമാർ തയ്യാറാകുന്നില്ല എന്നും ഇക്കാരണത്താൽ നിലവിൽ നിർവ്വഹണത്തിലുള്ള RIDF പദ്ധതികൾ പാതി വഴിയിൽ മുടങ്ങിയിരിക്കുകയാണെന്നും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ഈ വിഷയവുമായി ബന്ധപ്പെട്ട് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന RIDF പ്രവർത്തികളിൽ താഴെപ്പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു:-

i. നബാർഡ് ഫണ്ട് വിനിയോഗിച്ച് ആർ.ഐ.ഡി.എഫ് പദ്ധതികൾ നിർവ്വഹിക്കുന്ന മറ്റ് ഏജൻസികളായ കൃഷി എഞ്ചിനീയറിംഗ് വിഭാഗം, കെ.എൽ.ഡി.സി, ജലസേചന വകുപ്പ് എന്നിവ പദ്ധതികൾ 100% സബ്സിഡിയിലാണ് നിർവ്വഹിച്ചുവരുന്നത്.

ii. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഗുണഭോക്തൃ വിഹിതം ഒഴിവാക്കരുതെന്ന നിബന്ധന നിമിത്തം, ഒരു പ്രദേശത്ത് വിവിധ സർക്കാർ ഏജൻസികൾ നടപ്പിലാക്കുന്ന സമാന സ്വഭാവമുള്ള വികസന പ്രവർത്തനങ്ങൾക്ക് വ്യത്യസ്ത പരിഗണന നൽകുന്ന സ്ഥിതി നിലവിലുണ്ട്.

iii. ആർ.ഐ.ഡി.എഫ് പദ്ധതികളുടെ ഫണ്ടിംഗ് ഏജൻസിയായ നബാർഡ് പദ്ധതി നിർവ്വഹണത്തിന് അംഗീകാരം നൽകുന്ന ഉത്തരവിൽ (No.NBSPD/RIDF(25-Kerala)/46ISC/2019-20 dated 23.09.2019) ഗുണഭോക്തൃ വിഹിതം നിഷ്കർഷിക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്.

iv. ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുവാൻ സാഹചര്യമുള്ള ഒരു പദ്ധതിയും (Cash transfer/Direct Benefit Transfer) RIDF-ൽ പരിഗണിക്കുകയില്ല എന്ന നബാർഡ് കേന്ദ്ര ഓഫീസിലെ തീരുമാന പ്രകാരം (No.(NB) Kerala RO/RIDF-SPD/1538/RIDF-42/2020-21 dated 11.11.2020) മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് RIDF Tranche XXVI-ൽ സമർപ്പിച്ച 36 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭ്യമായിരുന്നില്ല.

4. കാർഷികമേഖലയുടെ ഉന്നമനത്തിനായി നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതി വിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നതിലേയ്ക്കായുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ആയതിനാൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ പൊതു പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് നിഷ്കർഷിച്ചുവരുന്ന 5% ഗുണഭോക്തൃ വിഹിതം ഒഴിവാക്കി പൊതുപ്രവൃത്തികൾക്ക് 100% സബ്സിഡി അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതിന്മേൽ, ഉന്നത തലത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിലേയ്ക്കായി ഫയൽ ബഹു. മുൻ കൃഷി വകുപ്പ് മന്ത്രി മുഖേന ബഹു. ധനകാര്യവകുപ്പ് മന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ധനകാര്യ വകുപ്പ് ചുവടെ ചേർക്കുന്ന അഭിപ്രായം രേഖപ്പെടുത്തി:-

"Finance agrees to the proposal of the AD, to do away with the 5% user charges".
"This has the approval of Hon'ble Minister (Finance)"

5. ആർ.ഐ.ഡി.എഫ് പദ്ധതിയിൽ പൊതു പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് 31.03.2010 ലെ സ.ഉ(കൈ) നം.86/2010/കൃഷി പ്രകാരം നിഷ്കർഷിച്ചുവരുന്ന 5% ഗുണഭോക്തൃ വിഹിതം ഒഴിവാക്കി പൊതു പ്രവൃത്തികൾക്ക് 100% സബ്സിഡി അനുവദിക്കുന്ന നിർദ്ദേശത്തിൻമേൽ ധനകാര്യവകുപ്പ് യോജിപ്പ് പ്രകടിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ, മേൽ വിഷയം മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു.കൃഷി മന്ത്രി മുഖേന ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു.

## തീരുമാനിക്കേണ്ട വിഷയം

ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ പൊതുപ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ 31.03.2010 ലെ സ.ഉ(കൈ) നം.86/2010/കൃഷി പ്രകാരം മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് നിഷ്കർഷിച്ചുവരുന്ന 5% ഗുണഭോക്തൃ വിഹിതം ഒഴിവാക്കി പൊതുപ്രവൃത്തികൾക്ക് 100% സബ്സിഡി അനുവദിച്ചുകൊണ്ട് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കാമോ?